# ശബരിമല: കണക്കുകളിലെ നെല്ലും പതിരും

പ്രത്യേക ലേഖകൻ

പെരിയാർ കടുവാസംരക്ഷണകേന്ദ്രത്തിൻെറ പരിധിക്കുള്ളിലാണ് ശബരിമല സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് ശബരിമലയുടെ വികസനത്തിനായി വനഭൂമി വിട്ടുകൊടുക്കുക എന്നത് ആത്മഹത്യാപരമാണ്. പക്ഷെ, ശബരിമല തീർത്ഥാടകർക്ക് സൗകര്യമൊരുക്കാനായി ഒരു അമ്പതോ നൂറോ ഹെക്ടർ വനഭൂമികൂടി ഏതുവിധേനയും ഒപ്പിച്ചെടുക്കണമെന്ന വാശിയിലാണ് ദേവസ്വം അധികൃതരും കേരള സർക്കാരും. ഈ ആവശ്യത്തിന് മൂർച്ച കൂട്ടാനായി ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ എണ്ണം കൂട്ടിപ്പറയുന്ന ഒരു പ്രവണത നിലനിൽക്കുന്നുണ്ട്. മാധ്യമങ്ങളും ഇക്കാര്യത്തിൽ വായിൽ തോന്നിയ കണക്ക് പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ എണ്ണമെത്ര എന്ന ചോദ്യത്തിന് വലിയ പ്രാധാന്യമുണ്ട്.

ഈ ചോദ്യത്തിന് സത്യസന്ധമായ മറുപടി കണ്ടെത്താനായി 1998-99 ലെ മണ്ഡല-മകരവിളക്ക് സീസണിൽ പെരിയാർ ടൈഗർ റിസർവ്വിലെ സോഷ്യോളജിസ്റ്റായ എസ്. ഗുരുവായൂരപ്പൻ ഇന്ത്യ എക്കോ ഡെവലപ്പ്മെൻറ് പ്രൊജക്ടിൻെറ കീഴിൽ ഒരു തീർത്ഥാടക സെൻസസ് നടത്തുകയുണ്ടായി.

ശബരിമല സന്നിധാനത്തിലേയ്ക്ക് പമ്പ വഴിയും ഉപ്പുപാറ (പുല്ലുമേട്) വഴിയും വരുന്നുണ്ട് തീർത്ഥാടകർ. ഈ രണ്ടുവഴികളിലൂടെയും വരുന്ന തീർത്ഥാടകരെ 16 അംഗങ്ങളുള്ള ഒരു പഠനസംഘത്തിലെ അംഗങ്ങൾ മാറിമാറിനിന്ന് എണ്ണിയാണ് സെൻസസ് പൂർത്തീകരിച്ചത്. ഈ പഠനം വെളിപ്പെടുത്തിയ പ്രധാനവസ്തുതകൾ ഇവയാണ്:-

ശബരിമല ക്ഷേത്രം ദർശനത്തിനായി തുറന്നുവെയ്ക്കുന്നത് സാധാരണ ദിവസങ്ങളിൽ രാവിലെ 5 മണിതൊട്ട് ഉച്ചയ്ക്ക് 1 മണിവരെയും വൈകീട്ട് 4 മണിതൊട്ട് രാത്രി 10.30 വരെയുമാണ്. പക്ഷെ, സന്നിധാനത്തിലേയ്ക്കുള്ള തീർത്ഥാടകപ്രവാഹം 24 മണിക്കൂറും തുടർന്നുകൊണ്ടിരിക്കും.

രാവിലെ 3 മണി മുതൽ 9 മണിവരെയുള്ള സമയത്തും വൈകീട്ട് 5 മണിമുതൽ 11 മണി വരെയുള്ള സമയത്തുമാണ് തീർത്ഥാടകപ്രവാഹം ഏറ്റവും ശക്തിയാവുന്നത്.

1998ലെ മണ്ഡലകാലം നവം. 15 മുതൽ ഡിസം. 27 വരെയുള്ള 41 ദിവസവും മകരവിളക്കുകാലം 1999 ജനു. 1 മുതൽ 19 വരെയുമായിരുന്നു. ഡിസം. 28 മുതൽ 31 വരെ അടഞ്ഞുകിടന്നു. എങ്കിലും ചെറിയ തോതിൽ തീർത്ഥാടകർ വന്നിരുന്നു.

## മണ്ഡലകാലം

മണ്ഡലകാലത്തെ 41 ദിവസങ്ങളിലായി ശബരിമലയിലെത്തിയ തീർത്ഥാടകരുടെ എണ്ണം 3233108 ആണ്.



## മകരവിളക്ക്

മകരവിളക്കിനായി ക്ഷേത്രം തുറന്നത് 1999 ജനു. ഒന്നിനാണ്. ജനുവരി 14നായിരുന്നു മകരവിളക്ക്. 20-ാം രാവിലെ ക്ഷേത്രം അടച്ചു.

മകരവിളക്ക് ദിവസത്തിന് മൂന്നുദിവസം മുമ്പുതൊട്ട് തീർത്ഥാടകപ്രവാഹം വർദ്ധിക്കും. ഈ തീർത്ഥാടകർ മകരവിളക്ക് കണ്ടുതൊഴുതു മടങ്ങാനായി ഉചിതമായ സ്ഥാനം കണ്ടെത്തി തങ്ങാനായി കാലേക്കൂട്ടി എത്തുന്നവരാണ്. ഇവരിൽ ഭൂരിഭാഗവും വിളക്കുകണ്ടേ മലയിറങ്ങൂ. മകരവിളക്കിനു തൊട്ടുമുമ്പുള്ള ദിവസമാണ് ഏറ്റവുമധികം തീർത്ഥാടകർ ദർശനത്തിനെത്തുക. 13.1.99ന് ദർശനത്തിനെത്തിയ തീർത്ഥാടകർ 1,31,776 ആയിരുന്നു.

അന്നു വന്നവരും മുമ്പേ വന്നുതങ്ങിയവരുമായി, മകരവിളക്കുസമയത്ത് സന്നിധാനത്തുണ്ടായവരുടെ എണ്ണം ഏകദേശം രണ്ടരലക്ഷം വരും.

മകരവിളക്ക് സീസണിൽ ദർശനത്തിനെത്തിയവരുടെ എണ്ണം 1360804 ആണ്. ഇതിൽ രണ്ടുദിവസം മാത്രമാണ് ഒരു ലക്ഷത്തിലേറെ പേർ ദർശനത്തിനെത്തിയത്.

## സ്ത്രീകളും കുട്ടികളും

മണ്ഡലകാലത്തെ തീർത്ഥാടകരിൽ 100 പേരിൽ 88 പുരുഷന്മാർ, 9 കുട്ടികൾ, 3 സ്ത്രീകൾ എന്നതാണ് അനുപാതം. മകരവിളക്ക്കാലത്ത് 100 പേരിൽ 88 പുരുഷന്മാർ, 10 കുട്ടികൾ, 2 സ്ത്രീകൾ എന്നതാണ് അനുപാതം.

## നിഗമനം

മണ്ഡല-മകരവിളക്ക് സീസണുകളിലായി ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ എണ്ണം 46 ലക്ഷം മാത്രമാണ്.

ഈ കണക്ക് രണ്ടും മൂന്നും നാലും അഞ്ചും മടങ്ങാക്കി പൊലിപ്പിച്ചു പ്രചരിപ്പിക്കുന്നത് സ്വാർത്ഥലക്ഷ്യങ്ങളോടു കൂടിയാണ്. മേൽപ്പറഞ്ഞ കണക്കുകളെ അടിസ്ഥാനപ്പെടുത്തിവേണം ശബരിമലയുടെ ആസൂത്രണവും വികസനവും ആലോചിക്കേണ്ടത്.